**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1864** **31-08-2022 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ മത്സ്യമാർക്കറ്റുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് തീരദേശ വികസന കോർപ്പറേഷന്റെ ചുമതലയിൽ ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ, ചാത്തന്നൂർ, പാരിപ്പള്ളി, കൊട്ടിയം എന്നീ മത്സ്യമാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ? | (എ) | തീരദേശ വികസന കോർപ്പറേഷന്റെ ചുമതലയിൽ ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ, ചാത്തന്നൂർ, പാരിപ്പള്ളി, കൊട്ടിയം എന്നീ മത്സ്യമാർക്കറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയുടെ ഫണ്ടിംഗ് അനുമതി ലഭിച്ചിരുന്നു. ലഭ്യമായ ഫണ്ടിംഗ് തുക ലോൺ ആകയാൽ അതാത് ഗ്രാമ പഞ്ചായത്തുമായി റവന്യൂ ഷെയറിംഗ് തിരച്ചടവ് നിഷ്കർഷിച്ചിരുന്നു. ഇതുപ്രകാരം തുടർനടപടികൾ സ്വീകരിച്ചു വരികയായിരുന്നു. എന്നാൽ ജനപ്രതിനിധികളുടെ അഭ്യർത്ഥന പരിഗണിച്ചു കൊണ്ട് ഫണ്ടിംഗ് അനുമതി ഗ്രാന്റ് ആയി കണക്കാക്കാവുന്നതാണെന്ന് കിഫ്ബി 04.08.2022-ലെ കത്തിൽ അറിയിച്ചിട്ടുണ്ട്. റവന്യൂ ഷെയറിംഗ് നിബന്ധന കിഫ്ബി ഇപ്പോൾ ഒഴിവാക്കിയ സാഹചര്യത്തിൽ പ്രവൃത്തി ഉടനടി ഏർപ്പാടാക്കുന്നതിന് അതാത് ഗ്രാമപഞ്ചായത്തുകളുമായുള്ള ചർച്ചകളുടെ അടിസ്ഥാനത്തിലും ജിയോടെക്നിക്കൽ ഇൻവെസ്റ്റിഗേഷന്റെ അടിസ്ഥാനത്തിലും സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |

സെക്ഷൻ ഓഫീസർ